


# എത്തിക്സ് ആന്റ് കംപ്ലയൻസ
# ഹെൽപ് ലൈൻ

**വ്യാപാര അനുവർത്തനത്തിന്റെയും, അതുപോലെതന്നെ ബിസിനസ്സ് നടത്തിപ്പിന്റെയും ധാർമ്മികതയുടെയും പരമോന്നതമായ നിലവാരങ്ങൾ കൈവരിക്കാൻ Esterline കമ്പനികൾ യത്നിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് നിങ്ങളുടെ സഹായം ഞങ്ങൾക്ക് ആവശ്യമാണ്. നമ്മുടെ ദൈനംദിന ജോലിയിൽ ആ നിലവാരങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ഉത്തരവാദിത്തം എല്ലാ ജീവനക്കാരും ബോർഡ് ഓഫ് ഡയറക്ടേഴ്സും പങ്കുവയ്ക്കേണ്ടതാണ്.** നമ്മുടെ ബിസിനസ്സ് നടത്തിപ്പ്. ബിസിനസ്സ് ബന്ധങ്ങൾ, ഉല്പന്ന നിർമ്മാണം എന്നിവയിലെ നമ്മുടെ അടിസ്ഥാന മൂല്യങ്ങളോടുള്ള നമ്മുടെ പ്രതിബദ്ധതയ്ക്കും അവ പാലിക്കുന്നതിനുമുള്ള ഒരു സംവിധാനത്തെയാണ് നാം ലിവിംഗ് *ദി Esterline വേ, എവരി ഡേ* എന്ന് വിശേഷിപ്പിക്കുന്നത്.

**Esterline വളർച്ചയ്ക്കും വിജയത്തിനും ഉയർന്ന ധാർമ്മിക നിലവാരങ്ങൾ** അത്യാവശ്യമാണ്. ഞങ്ങൾക്ക് നിങ്ങളുടെ ബുദ്ധിസാമർത്ഥ്യവും, നിങ്ങളുടെ ഊർജ്ജവും, എല്ലാത്തിനും ഉപരിയായി നിങ്ങളുടെ സത്യസന്ധതയും ആവശ്യമുണ്ട്. നിങ്ങൾക്കുള്ള ഏത് ആശങ്കയും അല്ലെങ്കിൽ ചോദ്യം ചെയ്യാപ്പെടാവുന്ന ഏത് പ്രവർത്തനവും നിങ്ങളുടെ സൂപ്പർവൈസർക്ക്, മാനേജർക്ക്, അല്ലെങ്കിൽ പ്രാദേശിക ധാർമ്മിക ഉപദേശകന് റിപ്പോർട്ട് ചെയ്യാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

## നിങ്ങളുടെ ധാർമ്മിക ഉപദേഷ്ടാവ്:

പ്രശ്നം പരിഹരിക്കാൻ അവർക്ക് സാധിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ അവരെ സമീപിക്കുന്നതിൽ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ, ദയവായി ഹ്യൂമൻ റിസോഴ്സിന്റെ സെഗ്മെന്റ് വൈസ് പ്രസിഡന്റുമായി ബന്ധപ്പെടുക അല്ലെങ്കിൽ, അതൊരു വ്യാപാര അനുവർത്തന വിഷയമാണെങ്കിൽ, നിങ്ങളുടെ സെഗ്മെന്റ് കംപ്ലയൻസ് ഡയറക്ടറുടെ പക്കലേക്ക് അല്ലെങ്കിൽ *MyEsterline* **ട്രേഡ് ഇഷ്യു റിപ്പോർട്ട് ഫോമിലേക്ക്** പോകുക. ഇപ്പോഴും നിങ്ങൾക്ക്പ രിഹാരം കണ്ടെത്താനാവുന്നില്ലെങ്കിൽ, Esterline ജനറൽ കൌൺസലിന്റെ സഹായം തേടുക.

**ഒരു ധാർമ്മിക അല്ലെങ്കിൽ വ്യാപാര അനുവർത്തന റിപ്പോർട്ട് അയയ്ക്കുന്ന അല്ലെങ്കിൽ ഒരു അന്വേഷണത്തിൽ ഉത്തമവിശ്വാസത്തിൽ വിവരം പ്രദാനം ചെയ്യുന്ന ആളുകൾക്കെതിരെ ഒരുവിധത്തിലുള്ള പ്രതികാരനടപടിയും Esterline വച്ചുപൊറുപ്പിക്കുന്നതല്ല.**

## താഴെപ്പറയുന്ന രംഗങ്ങളിലുള്ള ഏത് പ്രശ്നങ്ങളും അല്ലെങ്കിൽ ലംഘനങ്ങളും നിങ്ങൾ സത്വരമായി റിപ്പോർട്ട് ചെയ്യുന്നു എന്നുള്ളത് വിശേഷിച്ചും പ്രധാനമാണ്.

- അക്കൌണ്ടിംഗ് അല്ലെങ്കിൽ ആഭ്യന്തര അക്കൌണ്ടിംഗ് നിയന്ത്രണങ്ങൾ;
- ദി ആംസ് എക്സ്പോർട്ട് കൺട്രോൾ ആക്ട് (എ.ഇ.സി.എ.) അല്ലെങ്കിൽ ഇന്റർനാഷണൽ ട്രാഫിക് ഇൻ ആംസ് റെഗുലേഷൻസ് (ഐ.ടി.എ.ആർ.):
- ഓഡിറ്റിംഗ് വിഷയങ്ങളും റിപ്പോർട്ടിംഗും;
- ബാങ്കിംഗും ഫിനാൻസും;
- കൈക്കൂലിയും മറ്റ് അഴിമതിയും;
- പരിസ്ഥിതിയും ആരോഗ്യവും സുരക്ഷയും (എച്ച്);
- Esterline കോഡ് ഓഫ് ബിസിനസ്സ് കോണ്ടക്ട് ആന്റ് എത്തിക്സ്;
- ധനകാര്യ നിയന്ത്രണ നിലവാരങ്ങൾ;
- ഇൻസൈഡർ ട്രേഡിംഗ്;
- ബൗദ്ധിക സ്വത്ത്;
- കമ്പനി വസ്തുവകയുടെ ദുർവിനിയോഗം അല്ലെങ്കിൽ മോഷണം;
- ഗുണനിലവാര നിർമ്മാണ കീഴ്വഴക്കങ്ങൾ; അല്ലെങ്കിൽ
- വ്യാപാര അനുവർത്തനം

.... അല്ലെങ്കിൽ നിങ്ങൾക്ക് അസ്വസ്ഥതയുണർത്തുന്ന അല്ലെങ്കിൽ നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ധാർമ്മിക ചോദ്യം ഉയർത്തുന്ന എന്തും; ശരിയായ കാറ്റഗറി കണ്ടെത്തുന്നതിനെ കുറിച്ച് വിഷമിക്കേണ്ട.

നിങ്ങളുടെ മറ്റ് എത്തിക്സ് റിസോഴ്സസിനു പുറമേ ഗണ്യമായതോ അസാധാരണമായതോ ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ആശങ്കകൾ റിപ്പോർട്ട് ചെയ്യുന്നതിനായി അല്ലെങ്കിൽ ഒരു ധാർമ്മികവും അനുവർത്തനപരവുമായ ചോദ്യം ചോദിക്കുന്നതിനായി നിങ്ങൾക്ക് ഏത് സമയത്തും ഉപയോഗിക്കാവുന്ന **ഒരു എത്തിക്സ് ആന്റ് കംപ്ലയൻസ് ഹെൽപ് ലൈനും ESTERLINE സ്ഥാപിച്ചിട്ടുണ്ട്.** ഏത് എത്തിക്സ് റിസോഴ്സുകൾ ഉപയോഗിക്കുമ്പോഴും, Esterline ആ സ്ഥിതിവിശേഷം പരിശോധിക്കാനാകുന്നതിനായി, പ്രശ്നത്തിന്റെ സവിശേഷതകൾ (അതായത് ആര്, എന്ത്, എപ്പോൾ, എവിടെ) പ്രദാനം ചെയ്യാൻ നിങ്ങളോട് ആവശ്യപ്പെടുന്നതാണ്. എല്ലാ റിപ്പോർട്ടുകളും പരിഗണിക്കുന്നതും അനുയോജ്യമായ വിധത്തിൽ അന്വേഷിക്കുന്നതുമാണ്. യു.എസിലും നിയമം അനുവദിക്കുന്ന മറ്റ് സ്ഥലങ്ങളിലും, അജ്ഞാതനാമകമായിരിക്കുന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെയായിരിക്കുന്നതിനുള്ള ഒരു ചോയിസ് നിങ്ങൾക്കുണ്ടായിരിക്കുന്നതാണ്. യൂറോപ്പിൽ, അജ്ഞാതനാമകമായിട്ടുള്ള റിപ്പോർട്ടിംഗ് അസാധാരണമായ വിഷയങ്ങൾക്കായി റിസർവ്വ് ചെയ്യപ്പെട്ടിരിക്കുന്നതാണ്.

## Esterline കാതലായന മൂല്യങ്ങൾ:

> ശ്രേഷ്ഠമായ ഗുണനിലവാരം
> ബഹുമാനം
> സത്യസന്ധതയും ധാർമ്മികമായ പെരുമാറ്റവും
> നിയമപരമായ പെരുമാറ്റം

## ഞങ്ങളുടെ വാഗ്ദാനങ്ങൾ:

> ഞങ്ങൾ മികവുറ്റ ഉൽപന്നങ്ങൾ നിർമ്മിക്കും.
> ഞങ്ങൾ വാഗ്ദാനം ചെയ്തത് ഞങ്ങൾ വിതരണം ചെയ്യും.
> ഞങ്ങൾ നീതിയുക്തമായി മത്സരിക്കും.
> ഞങ്ങൾ സത്യം സംസാരിക്കും.
> ഞങ്ങൾ എല്ലാ ജനങ്ങളെയും ബഹുമാനിക്കും.
> ഞങ്ങൾ നിയമം അനുസരിക്കും.

## ഹെൽപ് ലൈൻ;

**ലോഗിൻ ചെയ്യുക;**
www.esterline.com

**തെരഞ്ഞെടുക്കുക:**
**കോർപറേറ്റ് ഗവർണൻസ്**

**അല്ലെങ്കിൽ വിളിക്കുക;**

| | |
|---|---|
| ബ്രസീല് | 00-800-1777 -9999. |
| കാനഡ | 800-461-9330 |
| ചൈന | 00-800-1777 -9999. |
| ഡൊമിനിക്കൻ റിപബ്ലിക് | 00-800-1777 -9999. |
| ഹോങ്കോങ് | 00-800-1777 -9999. |
| ഇന്ത്യ | 00-800-100 -3428. |
| ഇസ്രായേല് | 00-800-1777 -9999. |
| ഇറ്റലി | 00-800-1777 -9999. |
| ജപ്പാന് | 00-800-1777 -9999. |
| മെക്സിക്കോ (ഇംഗ്ലീഷ്) | 00-800-1777 -9999. |
| മെക്സിക്കോ (സ്പാനിഷ്) | 001-866-376 -0139. |
| സിംഗപ്പൂര് | 00-800-1777 -9999. |
| യുണൈറ്റഡ് കിംഗ്ഡം | 00-800-1777 -9999. |
| യുണൈറ്റഡ് സ്റ്റേറ്റ്സ് | 800-461-9330 |

**അല്ലെങ്കിൽ എഴുതുക:**

എത്തിക്സ് ഹെൽപ് ലൈൻ
Esterline ടെക്നോളജീസ്
കോർപറേഷന്
500 108ആം അവന്യു എൻ.ഇ.
സ്യൂട്ട് 1500
ബെല്ലവ്യൂ, ഡബ്ല്യൂ.എ. 98004

*ദി ESTERLINE വേ, എവരി ഡേ*

EBC-ESL-PRC-201ML 10/2015